**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1294

20.01.2014-ൽ
മറുപടി നൽകേണ്ടത്

# പത്തനംതിട്ട ജില്ലയിലെ കളക്ടർമാർ

| ചോദ്യം<br>ശ്രീ.മാത്യു.റ്റി.തോമസ് | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പത്തനംതിട്ട ജില്ലയിൽ എത്ര കളക്ടർമാരെ നിയമിച്ചിട്ടുണ്ട് ; | എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പത്തനംതിട്ട ജില്ലയിൽ മൂന്ന് കളക്ടർമാരെ നിയമിച്ചിട്ടുണ്ട്.<br>(1) ശ്രീ.പി.വേണുഗോപാൽ ഐ.എ.എസ് ( 07.07.2011 മുതൽ 01.08.2012 വരെ )<br>(2) ശ്രീ.വി.എൻ.ജിതേന്ദ്രൻ ഐ.എ.എസ് ( 18.09.2012 മുതൽ 29.04.2013 വരെ )<br>(2) ശ്രീ.പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്. (29.04.2013 മുതൽ തുടരുന്നു. ) |
| ബി) സർക്കാർ വക സ്ഥലങ്ങളും കുളങ്ങളും തോടുകളും കെ.ജി.എസ്. ഗ്രൂപ്പ് കയ്യേറിയതായി ഏതെങ്കിലും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന്; ഏത് കളക്ടർ; പ്രസ്തുത കളക്ടറെ എന്നാണ് സ്ഥലം മാറ്റിയത്; | ബി) ഉണ്ട്. 17.02.2012-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ.പി.വേണുഗോപാൽ ഐ.എ.എസ് ജില്ലാ കള്കടർ ആയിരുന്ന കാലയളവിലാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ടിയാൻ 01.08.2012 തീയതിയിൽ ജില്ലാ കളക്ടറുടെ ചുമതലയൊഴിഞ്ഞു. |
| സി) ഭൂപരിഷ്കരണനിയമം ലംഘിച്ചുകൊണ്ട് മിച്ചഭൂമി കൈവശം വയ്ക്കുന്നതായി ഏതെങ്കിലും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന്; ഏത് കളക്ടർ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | സി) 05.12.2012-ൽ ശ്രീ.വി.എൻ.ജിതേന്ദ്രൻ ഐ.എ.എസ് ജില്ലാ കളക്ടറായിരുന്ന കാലയളവിൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

1549

No C8 51855/09/(4)

ജില്ലാ കളക്ടർ
പത്തനംതിട്ട

കളക്ടറേറ്റ്, പത്തനംതിട്ട
തീയതി [redacted].12.2012

Pin-689645
Phone-0468-2222515
Fax- 0468-2222505
Email-dcpta.ker@nic.in
Website-www.pathanamthitta.gov.in

കമ്മീഷണർ,
ലാന്റ് റവന്യൂ
തിരുവനന്തപുരം

സർ,

വിഷയം: ആറന്മുള വിമാനത്താവളം-പരാതി-റിപ്പോർട്ട്-സംബന്ധിച്ച്.

സൂചന: ശ്രീ.കുമ്മനം രാജശേഖരൻ സമർപ്പിച്ച 23.11.2012 ലെ പരാതി.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ, മെഴുവേലി എന്നീ വില്ലേജുകളിലായി ഒരു ഗ്രീൻ ഫീൽഡ് എയർ പോർട്ട് നിർമ്മിക്കാനായി K.G.S ഗ്രൂപ്പ് ഭൂമി വാങ്ങുകയും പോക്കു വരവിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. വ്യവസായ(ബി) വകുപ്പിന്റെ 08.09.2010 ലെ 1262/2012/ID നമ്പർ ഉത്തരവ് പ്രകാരം ആറന്മുള വിമാനത്താവള പദ്ധതിക്ക് സർക്കാർ തലത്തിൽ അംഗീകാരം നല്കുകയും, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുന്നതിന് പദ്ധതിയുടെ സംരംഭകരായ K.G.S ഗ്രൂപ്പിന് അനുമതി നൽകുകയും ചെയ്തിരുന്നു. കൂടാതെ 24.02.2011 ലെ 54/11/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രദേശം വ്യവസായ മേഖലയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. തുടർന്ന് കേന്ദ്രവ്യോമയാന മന്ത്രാലയത്തിൽ നിന്ന് സൈറ്റ് ക്ലിയറൻസ് അപ്രൂവൽ ലഭിച്ചതായും കമ്പനി അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിലും, K.G.S ഗ്രൂപ്പിന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള ബഹു. കേരള മുഖ്യമന്ത്രിയുടെ 12.10.2011 ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ K.G.S ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമി "ചട്ട പ്രകാരം" പോക്കുവരവ് ചെയ്യുന്നതിന് 18.11.2011 ന് കോഴഞ്ചേരി അഡീഷണൽ തഹസിൽദാർക്ക് ഈ ഓഫീസിൽ നിന്ന് നിർദ്ദേശം നല്കിയിരുന്നു.

SO

1551

പ്രസ്തുത പ്രദേശത്ത് കോഴഞ്ചേരി എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ രജിസ്റ്റർ നമ്പർ 2373/86-ാം ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റിക്കുവേണ്ടിയും ടി ട്രസ്റ്റുകളുടെ ചെയർമാൻ ശ്രീ. കെ. ജെ എബ്രഹാം, കലങ്ങോട്ടിൽ, കോഴഞ്ചേരി എന്നയാൾ വൻതോതിൽ ഭൂമി വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടിയാന്റെ പേരിൽ സ്വമേധയാ മിച്ചഭൂമി കേസ് ആരംഭിക്കുന്നതിന് 03.07.2012 ലെ LB.B8.4257/08 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ലാന്റ് ബോർഡിന്റെ അനുമതി ലഭിക്കുകയും ആയതിൻ പ്രകാരം കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് SM/1/12/കോഴഞ്ചേരി നമ്പരായി SM കേസ് ബുക്ക് ചെയ്ത്, പ്രതിയോഗിയായ ശ്രീ.കെ. ജെ എബ്രഹാമിന് ഡ്രാഫ്റ്റ് സ്റ്റേറ്റ്മെന്റ് 20.09.2012 ൽ നൽകിയിട്ടുള്ളതുമാണ്. ടി ട്രസ്റ്റിന്റെ പേരിൽ എന്നാൽ ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ, വില്ലേജുകളിൽ വാങ്ങിയിരുന്ന ഭൂമിയിൽ നല്ലൊരു ഭാഗം ഭൂമി K.G.S ഗ്രൂപ്പിന് കൈമാറുകയും, ഈ ഓഫീസിൽ നിന്ന് നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ട്രസ്റ്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട ഭൂമി കൂടി പോക്കുവരവ് നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി ഭൂമിയുടെ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (7) 77

K.G.S ഗ്രൂപ്പ് സമ്പാദിച്ചിട്ടുള്ള മറ്റ് ഭൂമിയുടെ വിവരങ്ങൾ ശേഖരിക്കുവാൻ [illegible] ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി ടി കമ്പനി പേരിൽ കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. വിമാനത്താവള പദ്ധതി പ്രദേശത്ത് നിലം നികത്താനുള്ള അനുമതി ആർക്കും തന്നെ നാളിതുവരെ നൽകിയിട്ടില്ല. പ്രസ്തുത പ്രദേശത്ത് പുറമ്പോക്ക് റോഡ് കയ്യേറിയതിനെതിരെ ശ്രീ.കെ ജെ എബ്രഹാമിന്റെ പേരിൽ കോഴഞ്ചേരി താലൂക്കാഫീസിൽ നിന്ന് LC കേസ് ബുക്ക് ചെയ്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം ടി ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്ത് ബോർഡ് സ്ഥാപിച്ചിട്ടുള്ളതും നിലം നികത്തലിനെതിരെ അടൂർ റവന്യൂ ഡിവിഷണൽ ഓഫീസിൽ നടപടി നടന്നുകൊണ്ടിരിക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർ.

Attention LR (K3)


നം.ൽ. C8-51885/09

ജില്ലാ കളക്ടർ,
പത്തനംതിട്ട.

കളക്ടറേറ്റ്, പത്തനംതിട്ട.
തീയതി. 17/2/2012
Pin.689645
phone-0468-2222515
Fax-0468-2222505
Email-dcpta.Ker@nic.in
Webaitew.Pathanamthitta.gov.in


കമ്മീഷണർ,
ലാന്റ് റവന്യൂ
തിരുവനന്തപുരം.

സർ,

വിഷയം:- പരിസ്ഥിതി സമിതി ആറന്മുള വിമാനത്താവളം- റിപ്പോർട്ട്- സംബന്ധിച്ച്.

സൂചന :-1) അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യൂ(പി) വകുപ്പ്. തിരുവനന്തപുരത്തിന്റെ 16-2-12 ലെ 10482/പി1/12/റവ നമ്പർ കത്ത്.
2) സെക്രട്ടറി,കൃഷി (NCA) വകുപ്പിന്റെ 16-2-12 ലെ 5179/ NCA/2012/കൃഷി നമ്പർ കത്ത്.

..............................

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ ആറന്മുള പ്രദേശത്ത് കടമ്മനിട്ട ആസ്ഥാനമായി പ്രവർത്തിക്കുന്ന രജിസ്റ്റർ നമ്പർ ക്യു-2373/1983 നമ്പർ ചാരിറ്റബിൾ എഡ്യൂക്കേഷൻ & വെൽഫയർ സൊസൈറ്റിക്കുവേണ്ടി ആയതിന്റെ ചെയർമാനായ കോഴഞ്ചേരി വില്ലേജിൽ ടി മുറിയിൽ കലമണ്ണിൽ വീട്ടിൽ ജോസഫ് മകൻ ശ്രീ. കെ.ജെ എബ്രഹാം 2007, 2008 വർഷങ്ങളിൽ ഭൂമി വാങ്ങുകയും. ഇതിൽ ഉൾപ്പെട്ട ഏതാനും നെൽവയലുകളും തോടുകളും നികത്തുകയുണ്ടായി. ആയതിനെതിരെ കേരള ഭൂവിനിയോഗ നിയമം, ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരം റവന്യൂ വകുപ്പ് നടപടി ആരംഭിച്ചു. അതോടൊപ്പം തന്നെ ടിയാന്റെ പേരിൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമി കേസ് എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

എന്നാൽ ടി സ്ഥലം വിമാനത്താവളം നിർമ്മിക്കുകയെന്ന ഉദ്ദേശത്തോടുകൂടി ചെന്നൈ ആസ്ഥാനമായുള്ള KGS ഗ്രൂപ്പ് വിലക്ക് വാങ്ങുകയും വിമാനത്താവളത്തിനുള്ള അനുമതിക്കായി സർക്കാരിനെ സമീപിക്കുകയും ചെയ്തു. വിമാനത്താവള നിർമ്മാണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരമുള്ള അനുമതിക്കായി KGS ഗ്രൂപ്പ് മലിനീകരണ നിയന്ത്രണ ബോർഡിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 10-5-11-

തീയതിയിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പരിസ്ഥിതി സംബന്ധിച്ച പൊതു തെളിവെടുപ്പ് നടക്കുകയും, ടി യോഗത്തിൽ പൊതുജനങ്ങളും സംഘടനകളും ഉന്നയിച്ച ആശങ്കകൾ പരിഹരിച്ച് ജനപങ്കാളിത്തത്തോടുകൂടി നീർത്തടങ്ങളും, നെൽവയലുകളും സംരക്ഷിച്ച് മാത്രമേ പദ്ധതി നടപ്പാക്കുകയുള്ളൂ എന്ന് കമ്പനി ഉറപ്പ് നൽകുകയും ചെയ്തു. തുടർന്ന് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുന്നതിന് വ്യവസായവകുപ്പിന്റെ 8-9-10 ലെ സ.ഉ.1262/0 നമ്പർ ഉത്തരവ് പ്രകാരം കമ്പനിക്ക് നിർദ്ദേശം ലഭിച്ചു. വ്യവസായ വകുപ്പിന്റെ 24-2-11 ലെ G.O.(P)54/11/ID (കേരള ഗസറ്റ് അസാധാരണം നമ്പർ 500 തീയതി 1-3-11) പ്രകാരം കോഴഞ്ചേരി താലൂക്കിലെ ആറന്മുള മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ വില്ലേജുകളിൽ ഉൾപ്പെട്ട 500 ഏക്കറോളം ഭൂമിയെ വ്യവസായ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഭാരത സർക്കാരിന്റെ 28-10-11 ലെ AV 20015/015/2009/AV നമ്പർ ഉത്തരവ് പ്രകാരം ആറന്മുള വിമാനത്താവളത്തിന് Site Clearance Approval ലഭിച്ചിട്ടുള്ളതുമാണ്.

നിലവിൽ ലഭ്യമായ കണക്ക് അനുസരിച്ച് കോഴഞ്ചേരി താലൂക്കിലെ മല്ലപ്പുഴശ്ശേരി, ആറന്മുള, കിടങ്ങന്നൂർ മെഴുവേലി എന്നീ വില്ലേജുകളിലായി 89.0372 ഹെക്ടർ രജിസ്റ്റേർഡ് ഭൂമി കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുണ്ട്. ടി ഭൂമി നാളത് വരെ പോക്ക് വരവ് ചെയ്ത് ...ല്ലീയിട്ടില്ലാത്തതാണ്. ഇതിൽ 10.3268 ഹെക്ടർ ഭൂമി അനധികൃതമായി നികത്തപ്പെട്ടിട്ടുണ്ട്. ടി ...മിയിൽക്കൂടി കടന്നു പോയിക്കൊണ്ടിരുന്ന സർക്കാർ പുറമ്പോക്ക് തോടും നികത്തിയതിൽ ...ൾപ്പെടുന്നു. സർക്കാർ ഭൂമി കൈയ്യേറ്റത്തിന് എതിരെയും അനധികൃത നിലം നികത്തലിന് ...തിരെയും നിയമ നടപടികൾ ആരംഭിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച വിജിലൻസ് ...ന്വേഷണം നടന്നു വരികയുമാണ്.

ആറന്മുള വിമാനത്താവളത്തിന് എതിരെ പ്രക്ഷോഭങ്ങൾ ആരംഭിച്ച സാഹചര്യത്തിൽ ...ഷ്ട്രീയ കക്ഷികളുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം ജില്ലാകളക്ടർ 31-12-11 ...തീയതിയിൽ വിളിച്ചു കൂട്ടിയിരുന്നു. വ്യവസായ മേഖലയാക്കി പ്രഖ്യാപിക്കപ്പെട്ട ഭൂമിയിൽ ...GS ഗ്രൂപ്പിന്റേത് അല്ലാത്ത ഭൂമി മുഴുവനും ഡി. നോട്ടിഫൈ ചെയ്യുവാനും ആർക്കെങ്കിലും ...അവരുടെ ഭൂമി വ്യവസായ മേഖലയിൽ നില നിർത്താൻ താല്പര്യമുണ്ടെങ്കിൽ ആയതിന് അപേക്ഷ ...ൽകാൻ അവസരം കൊടുത്ത് ഡി-നോട്ടിഫിക്കേഷൻ ശുപാർശ സർക്കാരിലേക്ക് ...മർപ്പിക്കുവാനും ടി യോഗം തീരുമാനിച്ചു. ഡി -നോട്ടിഫിക്കേഷൻ നടപടിയായതിനു ശേഷം ...ത്രമേ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവൂ എന്നും പ്രസ്തുത ...യോഗം തീരുമാനിച്ചിരുന്നു. ഡി നോട്ടിഫിക്കേഷൻ സംബന്ധിച്ച നടപടികൾ നടന്നു ...രികയാണ് എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു

വിശ്വനാഥൻ...

ജില്ലാകളക്ടർക്കുവേണ്ടി.